# കാലിക്കറ്റ് സർവ്വകലാശാല

**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

98626/DOA-ASST-6/2026/Admn

03.07.2026

**എം എഡ് 2026 - ഒന്നാം അലോട്ട്മെന്റ് - പത്രക്കുറിപ്പ്**

കാലിക്കറ്റ് സർവ്വകലാശാല 2026-27 അധ്യയന വർഷത്തിലേക്കുള്ള എം.എഡ്. പ്രവേശനത്തിനുള്ള ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും മാൻഡേറ്ററി ഫീസായ

1. **എസ്.സി/ എസ് ടി/ ഒ ഇ സി ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾ** :Rs.155/- രൂപ
2. **മറ്റുള്ളവർ** - Rs.610/- രൂപ, **07.07.2026 ന് പകൽ 3 മണിക്കകം അടച്ച ശേഷം മാൻഡേറ്ററി ഫീ റെസീപ്റ്റ് പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കേണ്ടതാണ്.**

അലോട്ട്മെന്റ് ലഭിച്ച നിർദിഷ്ട സമയപരിധിക്കുള്ളിൽ മാൻഡേറ്ററി ഫീസ് അടക്കാത്തവർക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്. ഒന്നാം അല്ലോട്മെന്റിന് ശേഷം തിരുത്തലുകൾ വരുത്തേണ്ടവർ രണ്ടാം അല്ലോട്മെന്റിന് ശേഷമുള്ള എഡിറ്റ് ഉപയോഗിക്കാവുന്നതാണ്.

**ഒന്നാമത്തെ കോളേജ് ഓപ്ഷൻ ലഭിച്ചവരും ലഭിച്ച ഓപ്ഷനിൽ തൃപ്തരായി ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്യുന്നവരും അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തു സ്ഥിര പ്രവേശനം നേടേണ്ടതാണ്. ഒന്നാം അലോട്ട്മെന്റ് ലഭിക്കുകയും ഹയർ ഓപ്ഷൻ നിലനിർത്തുകയും ചെയ്യുന്നവർ മാൻഡേറ്ററി ഫീസ് അടച്ച് രണ്ടാം അല്ലോട്മെന്റിന് കാത്തിരിക്കേണ്ടതാണ്.**

ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർ ഹയർ ഓപ്ഷൻ പരിഗണിക്കേണ്ടതില്ലെങ്കിൽ നിർബന്ധമായും ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ നിലനിർത്തുന്നപക്ഷം പ്രസ്തുത ഹയർ ഓപ്ഷനിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്നുള്ള അലോട്ട്മെന്റ് ലഭിച്ചാൽ ആയതു നിർബന്ധമായും സ്വീകരിക്കേണ്ടതാണ്, ഇതോടെ മുൻപ് ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതും അത് യാതൊരു കാരണവശാലും പുനസ്ഥാപിച്ചു നൽകുന്നതുമല്ല.

ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്യുന്നതിന് വിദ്യാർത്ഥികൾ അവരുടെ ക്യാപ് ഐഡിയും സെക്യൂരിറ്റികിയും ഉപയോഗിച്ച് ലോഗിൻ ചെയ്തതിന് ശേഷം ആവശ്യമില്ലാത്ത ഓപ്ഷനുകൾ ക്യാൻസൽ ചെയ്യുകയും ശേഷം പുതിയ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കേണ്ടതുമാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റും വാർത്തകളും ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് / അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട വ്യക്തിഗത അറിയിപ്പുകൾ സർവകലാശാല നൽകുന്നതല്ല.

ഫോൺ : 0494 2407017, 7016, 2660600.

Rajeevan Mundayat Valappil
Deputy Registrar